"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - പെരുമാതുറ താഴമ്പള്ളി പാലത്തിന് സമീപം റീസർവ്വെ നം. 805/13-ൽ ഉൾപ്പെട്ട ശ്രീമതി ഉഷ സതികുമാറിന്റെ വസ്തുവിലേയ്ക്ക് പ്രവേശിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.316/2024/F&P തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:-

1. സ.ഉ (സാധാ)നം.743/2020/മതുവ തീയതി: 23/12/2020.
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20/06/2023, 08/11/2023, 07/02/2024 തീയതികളിലെ എ2/7379/2017/സിഇ നമ്പർ കത്തുകൾ.
3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05/04/2024-ലെ HECE/55/2024-A2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പെരുമാതുറ താഴമ്പള്ളി പാലത്തിന് സമീപം റീസർവ്വെ നം. 805/13-ൽ ഉൾപ്പെട്ട ശ്രീമതി ഉഷ സതികമാറിന്റെ വസ്തുവിലേക്കുള്ള പ്രവേശനത്തിന് വഴി അനുവദിക്കുന്നതിലേയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം 6,00,000/- രൂപ 2020-21 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു.

2) തുടർന്ന് വസ്തു ഫെയർ വാല്യൂ ഇനത്തിൽ ₹10,25,886/-(പത്ത് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തിയാറ് രൂപ മാത്രം) അനുവദിക്കണമെന്ന് ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പരാമർശം (2)-ലെ 20/6/2023 തീയതിയിലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഭൂമിയുടെ ഏകദേശ വില ന്യായവിലയുടെ അടിസ്ഥാനത്തിൽ കണക്ക് കൂട്ടിയത് അനുസരിച്ച് ₹30 ലക്ഷം സ്പെഷ്യൽ തഹസിൽദാർ എൽഎ ജനറലിന്റെ '8443-00-117-99-00' എന്ന വർക്ക് ഡെപ്പോസിറ്റ് ശീർഷകത്തിൽ (ഡിഡിഒ കോഡ് 011561) സബ് ട്രഷറി കുടപ്പനക്കുന്നിൽ മാറത്തക്കവിധത്തിൽ ഒടുക്കണമെന്നും സ്പെഷ്യൽ തഹസീൽദാർ, LA, ജനറൽ അറിയിച്ചിട്ടുള്ളതായി പരാമർശം (2)-ലെ 08/11/2023 തീയതിയിലെ കത്തു പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന്, ടി പദ്ധതിയുമായി ബന്ധപ്പെട്ട് 31/03/2024 തീയതി

വരെയുള്ള 12% അധിക വർദ്ധനവ് കൂടി കണക്കാക്കി എൽ.എ കേസ് ഇനത്തിൽ 35,64,854/- രൂപയും വിജ്ഞാപന കാലാവധിയായ 29.05.24 വരെയാണെങ്കിൽ പലിശ ഉൾപ്പെടെ 35,85,764/- (3564854+20910) രൂപയുമാണെന്നും പ്രസ്തുത തുക അനുവദിച്ചു തരണമെന്നും ചീഫ് എഞ്ചിനീയർ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പരാമർശം (2)-ലെ 7/2/2024 തീയതിയിലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കൂടാതെ, പരാമർശം (1) പ്രകാരം അനുവദിച്ച 6,00,000/- രൂപ ടി തുകയിൽ ഉൾപ്പെടുന്നില്ല എന്നും പരാമർശം (3) പ്രകാരം ചീഫ് എൻജിനീയർ,ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമാതുറ താഴമ്പള്ളി പാലത്തിന് സമീപം റീസർവ്വേ നമ്പർ 805/13-ൽ ഉൾപ്പെട്ട ശ്രീമതി ഉഷ സതികുമാറിന്റെ വസ്തുവിലേക്ക് പ്രവേശിക്കുന്നതിനായി 3.5 Are (Calculation Statement പ്രകാരം) സ്ഥലം ഏറ്റെടുക്കുന്നതിന്, വിജ്ഞാപന കാലാവധിയായ 29.05.24 വരെയുള്ള പലിശ ഉൾപ്പെടെ 35,85,764/- ലക്ഷം രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുനൂറ്റി അറുപത്തിനാല് രൂപ മാത്രം) രൂപ "4405-00-104-55-Land acquisition for fishing harbours" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (04/01/2024-ലെ 906012-DEV-2/216/2018-FIN നമ്പർ കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 24-06-2024 12:02:48